**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3191** **01-03-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ദേശീയ വിദ്യാഭ്യാസനയം 2020 സൂക്ഷ്മമായി വിലയിരുത്തുകയുണ്ടായി. പുരോഗമന വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉയർത്തിപ്പിടിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് പ്രസ്തുത വിദ്യാഭ്യാസനയത്തെക്കുറിച്ച് പല ആശങ്കകളുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ആശങ്കകൾ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ദേശീയ വിദ്യാഭ്യാസ നയത്തിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘടന 5+3+3+4 എന്ന രീതിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള സ്കൂൾ ഘടന നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസ കമ്മിറ്റി റിപ്പോർട്ടടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ